KSBCDC

തുഷാര

MARCH 2018

KSBCDC NEWS LETTER

നേട്ടങ്ങളുടെ നിറവിൽ 2017-18

- വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട 350 കോടി രൂപയും കടന്ന് 2017-18 വർഷത്തെ വായ്പാ വിതരണം 400 കോടി രൂപയിലേയ്ക്ക്
- വായ്പാ തിരിച്ചടവും ലക്ഷ്യമിട്ട 310 കോടി രൂപയും കടന്ന് 320 കോടി രൂപയിലേയ്ക്ക്
- 4 പുതിയ വായ്പാ പദ്ധതികൾക്ക് തുടക്കം
  - പ്രവാസി സംരംഭകർക്ക് റി-ടേൺ വായ്പാ പദ്ധതി
  - പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്അപ് വായ്പ പദ്ധതി
  - ഭവന നിർമ്മാണ വായ്പാ പദ്ധതി - എന്റെ വീട്
  - ഋണ പുനക്രമീകരണ വായ്പാ പദ്ധതി - ആശ്വാസ കിരണം.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 60 ശതമാനത്തോളം കാലാവധി കഴിഞ്ഞ വായ്പകൾ തീർപ്പാക്കി നിഷ്ക്രിയ ആസ്തികളിൽ കുറവ് വരുത്തി.
- വായ്പാ ദുരിതാശ്വാസ പദ്ധതി (LDRF)-യിൽഗുണഭോക്താക്കൾക്ക് പ്രയോജനകരമായ രീതിയിൽ സമൂലമായ പരിഷ്കരണം.
- LDRF പദ്ധതി പ്രകാരം 350 ൽപരം ഗുണഭോക്താക്കൾക്ക് 1.50 കോടിയിൽ പരം രൂപയുടെ ആനുകൂല്യം നൽകി വായ്പാ ബാധ്യതകളിൽ നിന്ന് മോചനം.
- കൊല്ലം ജില്ലാ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ശിലാസ്ഥാപനം.





തുക കോടി രൂപയിൽ

* 2017-18 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത കണക്ക്

സ്കോളർഷിപ്പ് വിതരണം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ശ്രീ. എ.കെ. ബാലൻ കോഴിക്കോട്ട് നിർവ്വഹിക്കുന്നു

വായ്പാവിതരണ-ബോധവൽക്കരണമേള എം.ബി. രാജേഷ് എം.പി. ഉദ്ഘാടനം ചെയ്യുന്നു

പുത്തൻ ദിശയിലേക്കുള്ള സ്വപ്നങ്ങൾ ഫലപ്രാപ്തിയിലേയ്ക്ക്

കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സമഗ്ര ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തന പന്ഥാവിൽ ഒരു പുത്തൻ ദിശാബോധത്തിന്റെ പ്രതീക്ഷകളാണ് 2017 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച 'ദിശ' യുടെ ആദ്യലക്കം എഡിറ്റോറിയൽ പങ്കുവച്ചത്. ഈ പ്രതീക്ഷകളിൽ പലതും ഫലമണിഞ്ഞുകഴിഞ്ഞത് നമ്മുടെ വീക്ഷണവും പ്രവർത്തനവും ശരിയായ 'ദിശ' യിലാണെന്ന് വിരൽ ചൂണ്ടുന്നു.

വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിച്ച് കൂടുതൽ പ്രയോജനകരമായ വായ്പാ പദ്ധതികൾ നടപ്പിലാക്കാനുള്ള യത്നങ്ങൾ യാഥാർത്ഥ്യമായി കഴിഞ്ഞു. നോർക്കാറൂട്ട്സുമായി ചേർന്ന് പ്രവാസികൾക്ക് വേണ്ടി 15% മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന Re-turn വായ്പാ പദ്ധതിയും പിന്നാക്ക വിഭാഗ വികസന വകുപ്പുമായി ചേർന്ന് പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി 20% മൂലധന സബ്സിഡി ലഭ്യമാകുന്ന സ്റ്റാർട്ട്അപ് വായ്പാ പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. ഈ രണ്ട് വായ്പാ പദ്ധതികളും ഗുണഭോക്താക്കൾ ഇരുകൈയും നീട്ടി സ്വീകരിച്ചുകഴിഞ്ഞു.

സ്വന്തമായി ഒരു ഭവനമെന്ന താഴ്ന്ന വരുമാനക്കാരുടേയും ഇടത്തരം വരുമാനക്കാരുടേയും സ്വപ്നങ്ങൾക്ക് പിന്തുണ പകർന്നുകൊണ്ട് 'എന്റെ വീട്' ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രാബല്യത്തിൽ വന്നുകഴിഞ്ഞു.

വായ്പാ കുടിശ്ശികയിൽ നിന്ന് കരകയറാൻ ആഗ്രഹിക്കുന്ന ഗുണഭോക്താക്കളെ സഹായിക്കുന്നതിന് വേണ്ടി പ്രഖ്യാപിച്ച ആശ്വാസ കിരണം വായ്പാ പദ്ധതിയും നടപ്പിലാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഒട്ടേറെ ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുള്ളത് നിഷ്ക്രിയ ആസ്തികൾ കുറച്ച് കൊണ്ട് വരുന്നതിനുള്ള നമ്മുടെ ഉദ്യമങ്ങൾക്ക് കരുത്ത് പകരുമെന്നതിൽ സംശയമില്ല.

ഗുണഭോക്താക്കളുടെ ഉത്പന്നങ്ങൾക്ക് സ്ഥിരം വിപണന വേദി ഒരുക്കുന്നതിന് ലക്ഷ്യമിട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്ന ക്രാഫ്റ്റ് വില്ലേജ് സംബന്ധിച്ച സാധ്യതാപഠനം KITCO പൂർത്തീകരിച്ചുകഴിഞ്ഞു. ഈ പദ്ധതിയുടെ എൻജിനിയറിംഗ് ഡിസൈൻ സഹിതമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് KITCOയെ തന്നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭരണാനുമതി ലഭ്യമായാൽ ഉടൻ ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2017-18 സാമ്പത്തിക വർഷത്തെ വായ്പാ വിതരണ ലക്ഷ്യമായ 350 കോടി രൂപയുടെ സ്ഥാനത്ത് വർഷാവസാനത്തോടെ ഏകദേശം 400 കോടി രൂപയുടെ വായ്പാ വിതരണം സാധ്യമാകുമെന്ന പ്രതീക്ഷയാണ് നിലവിൽ ഉള്ളത്. വായ്പാ വിതരണത്തിലെ ഈ കുതിപ്പ് 2020-21 സാമ്പത്തിക വർഷത്തോടെ 1000 കോടി രൂപയുടെ വായ്പാ വിതരണം സാധ്യമാകണമെന്ന നമ്മുടെ പ്രതീക്ഷകൾക്ക് ഊർജ്ജം പകരുകതന്നെ ചെയ്യും.

'ദിശ' യുടെ ആദ്യലക്കം പുറത്തിറങ്ങുമ്പോൾ കേരളത്തിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 7-ാം സ്ഥാനം അലങ്കരിച്ചിരുന്ന കെ.എസ്.ബി.സി.ഡി.സി. സംസ്ഥാന ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസിന്റെ ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ അവലോകന റിപ്പോർട്ട് പ്രകാരം ഒരു സ്ഥാനം മെച്ചപ്പെടുത്തി 6-ാം സ്ഥാനത്തേയ്ക്ക് ഉയർന്നിട്ടുണ്ട്. പുത്തൻദിശയിൽ നിശ്ചയദാർഢ്യത്തോടെ പ്രയാണം ചെയ്യുന്ന നമുക്ക് തുടർ അവലോകനങ്ങളിൽ ഈ സ്ഥാനം ഇനിയും മെച്ചപ്പെടുത്താൻ സാധിക്കുമെന്ന പ്രതീക്ഷയാണ് ഉള്ളത്. ഈ പ്രതീക്ഷ യാഥാർത്ഥ്യമാക്കുന്നതിനുള്ള യത്നത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും, ദേശീയ കോർപ്പറേഷനുകളുടേയും കോർപ്പറേഷൻ ജീവനക്കാരുടേയും, ഗുണഭോക്താക്കളുടേയും, അഭ്യുദയകാംക്ഷികളുടേയും പിന്തുണ പ്രതീക്ഷിക്കുന്നു.

സംഗീത് ചക്രപാണി
ചെയർമാൻ

കെ.ടി. ബാലഭാസ്കരൻ
മാനേജിംഗ് ഡയറക്ടർ

'എന്റെ വീട്' വായ്പാ പദ്ധതി അപേക്ഷ ക്ഷണിച്ചു

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷന്റെ സർവ്വേ പ്രകാരം കേരളത്തിലെ ഭവനരഹിതമായ കുടുംബാംഗങ്ങൾ 4.32 ലക്ഷമാണ്. എല്ലാ മലയാളിയും നെഞ്ചിലേറ്റുന്ന സ്വന്തമായൊരു ഭവനമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതിയാണ് 'എന്റെ വീട്'.

മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) ഉൾപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവന രഹിതർക്ക് വായ്പ ലഭ്യമാക്കുന്ന ഈ പദ്ധതി പ്രകാരമുള്ള വായ്പാ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മികച്ച പ്രതികരണമാണ് ഈ പദ്ധതിക്ക് ജനങ്ങളിൽ നിന്ന് ഉണ്ടായിരിക്കുന്നത്. നാളിതുവരെ 1234 പേർ പദ്ധതി പ്രകാരമുള്ള അപേക്ഷാ ഫോറം കൈപ്പറ്റിയിട്ടുണ്ട്.

കൊല്ലം ജില്ലാ ഓഫീസിന് ആസ്ഥാനമന്ദിരം

കോർപ്പറേഷന്റെ കൊല്ലം ജില്ലാ ഓഫീസ് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ആശ്രാമത്തുള്ള 10 സെന്റ് ഭൂമിയിൽ 7000 ച.അടിയിൽ അത്യാധുനിക സൗകര്യങ്ങളോടെയാണ് കെട്ടിടം നിർമ്മിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിന് ആണ് കെട്ടിട നിർമ്മാണ ചുമതല. ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം പൂർത്തികരിച്ച് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ
ഹെഡ് ഓഫീസ് : റ്റി.സി. 27/588(7) & (8) പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035
ഫോൺ : 0471 2577550, 2577539 ksbcdc@gmail.com www.ksbcdc.com

പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയോടെ പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്അപ് വായ്പാ പദ്ധതി

പിന്നോക്കവിഭാഗ വികസന വകുപ്പ് ഡയരക്ടർ ശ്രീ. എം.എൻ. ദിവാകരൻ ശില്പശാലയിൽ സംസാരിക്കുന്നു

വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന സംസ്കാരമുള്ള നാടാണ് കേരളം. എന്നാൽ വിദ്യാഭ്യാസപരമായ ഉന്നതിയ്ക്ക് ഒപ്പം അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണവും കേരളത്തിൽ വർദ്ധിച്ചുവരികയാണ്. എന്നാൽ തൊഴിലില്ലായ്മ വർദ്ധിച്ചുവരുമ്പോഴും താരതമ്യേന തൊഴിലില്ലായിമ നിലവിലില്ലായിരുന്ന വിഭാഗമാണ് ഡോക്ടർമാർ, എൻജിനിയർമാർ തുടങ്ങിയ പ്രൊഫഷണലുകൾ. എന്നാൽ പ്രൊഫഷണൽ വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരങ്ങൾ വർദ്ധിച്ചതുവഴി കൂടുതൽ പേർ പ്രൊഫഷണൽ വിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്നതും ഗൾഫ് മേഖലകളിൽ സ്വദേശിവത്കരണം നിമിത്തം വിദേശ തൊഴിൽ സാധ്യതകളിൽ വന്ന കുറവും നിമിത്തം ഈ രംഗത്തും തൊഴിലില്ലായ്മ ദൃശ്യമായി തുടങ്ങിയിട്ടുണ്ട്.

തൊഴിൽ അന്വേഷകരായിരിക്കാതെ സ്വന്തം പ്രൊഫഷനുമായി ബന്ധപ്പെട്ട സംരംഭകനായി മാറിയാൽ അനന്തസാധ്യതകൾ ആണ് ഈ രംഗത്ത് ഉള്ളത്. എന്നാൽ സംരംഭകത്വത്തെ കുറിച്ചുള്ള ആശങ്കകളും ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾവായ്പയ്ക്ക് ഈടാക്കുന്ന ഉയർന്ന പലിശ നിരക്കും സങ്കീർണ്ണമായ വ്യവസ്ഥകളും പലരേയും സംരംഭകത്വത്തിൽ നിന്നും അകറ്റി നിർത്തുകയാണ്. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്താണ് പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കുന്നതിന് സ്റ്റാർട്ട്അപ് വായ്പാ പദ്ധതി നടപ്പിലാക്കാൻ കോർപ്പറേഷൻ തീരുമാനം കൈക്കൊണ്ടത്.

പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് 20 ലക്ഷം രൂപ വരെയും മതന്യൂനപക്ഷ വിഭാഗം പ്രൊഫഷണലുകൾക്ക് 30 ലക്ഷം രൂപവരെയും വായ്പ അനുവദിക്കുന്നതിന് പദ്ധതിയുണ്ട്. തിരിച്ചടവ് കാലയളവ് 84 മാസം വരെ.പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

ഈ പദ്ധതി പ്രകാരം അപേക്ഷകന്റെ പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.

പദ്ധതി പ്രകാരം വായ്പ എടുക്കുന്ന ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും.

പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നതിന് നടപ്പിലാക്കിയ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം മുഖാന്തിരം നാളിതുവരെ 600 ൽ പരം പ്രൊഫഷണലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എൽ.ഡി.ആർ.എഫ്. പരിഷ്കരണം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തതിന് ശേഷം വളരെ സഹതാപകരമായ സാഹചര്യത്തിൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കായി പിഴപ്പലിശ, പലിശ ആവശ്യമെങ്കിൽ മുതലിലും ഇളവുകൾ നൽകികൊണ്ട് വായ്പ അവസാനിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ ദുരിതാശ്വാസ പദ്ധതിയാണ് (Loan Distress Relief Fund) LDRF.

അനുകമ്പാർഹമായ സാഹചര്യത്തിൽ ഇളവിന് പരിഗണിക്കപ്പെടേണ്ട കൂടുതൽ ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതരത്തിൽ LDRFപദ്ധതിയിൽ സമൂലമായ പരിഷ്ക്കരണം വരുത്തിയിരിക്കുന്നു.

നിലവിലുള്ള പദ്ധതിയിൽ വായ്പാക്കാരന്റെ മരണം, വായ്പാക്കാരന്റെ സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് മാത്രം ആനുകൂല്യം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നത്. പരിഷ്കരിച്ച പദ്ധതി പ്രകാരം കുടുംബത്തിലെ ഏകവരുമാന മാർഗ്ഗമായിരുന്ന ജീവിത പങ്കാളിയുടെ മരണം, സ്ഥിരമായ അംഗവൈകല്യം വായ്പക്കാരന്റെയോ ഏകവരുമാന മാർഗ്ഗമായ ജീവിത പങ്കാളിയുടേയോ സ്ഥിരമായ തിരോധാനം, കുടുംബത്തിലെ ഏകവരുമാന മാർഗ്ഗമായ ജീവിത പങ്കാളി നിയമപരമായ വിവാഹബന്ധം വേർപെടുത്തുന്ന സാഹചര്യം, സ്ഥിര സ്വഭാവമുള്ള ഗുരുതരമായ രോഗങ്ങൾ മൂലമുള്ള കഷ്ടതകൾ അനുഭവിക്കുന്ന വായ്പക്കാരൻ / കുടുംബാംഗങ്ങൾ, വിവാഹ വായ്പ എടുത്ത പെൺകുട്ടികളുടെ മാതാപിതാക്കൾ മരണപ്പെടുക മുതലായവയുംആനുകൂല്യത്തിന് അർഹമായ സാഹചര്യമായി പരിഗണിക്കുന്നതാണ്.

പരിഷ്ക്കരിച്ച പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം സംഘടിപ്പിച്ച അദാലത്തുകളിൽ 350 ൽപരം ഗുണഭോക്താക്കൾക്ക് 1.50 കോടിയിൽ പരം രൂപയുടെ ആനുകൂല്യം നൽകി വായ്പാ ബാധ്യത തീർപ്പാക്കിയിട്ടുണ്ട്.

അകാലത്തിൽ പൊലിഞ്ഞുപോയ പ്രിയപ്പെട്ട സഹപ്രവർത്തകൻ

വി.രാമചന്ദ്രൻ

(വണ്ടൂർ ഉപജില്ലാ ഓഫീസ്)

ആദരാഞ്ജലികൾ

ആലപ്പുഴയുടെ ഹൃദയം കീഴടക്കിയ BCDC EXPO - 2017

കേരളത്തിന്റെ നെല്ലറയായ കുട്ടനാടിന്റേയും, വിപ്ളവ സ്മരണകളുണർത്തുന്ന പുന്നപ്ര വയലാറിന്റെയും പൈതൃകം പേറി കായൽപരപ്പും കടൽത്തീരവും, കനാലുകളും കെട്ടുവള്ളങ്ങളും, കയറും ചേർന്ന് കാഴ്ചയുടെ വസന്തം തീർക്കുന്ന ആലപ്പുഴ ജില്ലയുടെ ഹൃദയ ഭൂമിയിൽ സ്ഥിതിചെയ്യുന്ന ഇ.എം.എസ്. മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2017 ഡിസംബർ 26 മുതൽ 2018 ജനുവരി 2 വരെ സംഘടിപ്പിച്ച BCDC EXPO 2017 മേളയിലേയ്ക്ക് ഒഴുകിയെത്തിയ ജനസഹസ്രങ്ങൾക്ക് വേറിട്ട വിരുന്നായി മാറി. 120 ൽ പരം സ്റ്റാളുകളിലായി കോർപ്പറേഷന്റെ ഗുണഭോക്താക്കളും ജമ്മുകാശ്മീർ, പുതുച്ചേരി, കർണ്ണാടക തുടങ്ങിയ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ദരും ചേർന്ന് അണിയിച്ചൊരുക്കിയ വൈവിധ്യമാർന്ന ഉത്പന്നങ്ങളും കുടുംബശ്രീയുടെ നേതൃത്വത്തിൽ നാടൻ രുചിക്കൂട്ടുകൾകൊണ്ട് തീർത്ത ഭക്ഷ്യമേളയും ശ്രദ്ധേയമാക്കിയ മേളയിലെ സന്ധ്യകൾക്ക് ദൃശ്യമാരുത പകർന്നുകൊണ്ട് വൈവിദ്ധ്യമാർന്ന കലാപരിപാടികളും സാംസ്കാരിക സമ്മേളനവും അരങ്ങേറി. ബഹു. പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്ത മേളയിൽ കെ.ആർ.ഗൗരിയമ്മ മുഖ്യാതിഥിയായിരുന്നു. സമാപനസമ്മേളനം ബഹു. ഭക്ഷ്യ പൊതുവിതരണ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി പി. തിലോത്തമൻ ഉദ്ഘാടനം ചെയ്തു. മേളയിൽ ഏകദേശം 1.25 കോടി രൂപയുടെ ഉത്പന്നങ്ങൾ വിറ്റഴിഞ്ഞു.

പ്ലസ് ടു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിദ്യാഭ്യാസ രംഗത്തെ സാമൂഹിക ഇടപെടലിന്റെ ഭാഗമായി 2013-14 മുതൽ കോർപ്പറേഷൻ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. പഠന പ്രോത്സാഹനത്തിനായി പ്ളസ് ടു പരീക്ഷയിൽ സ്റ്റേറ്റ് സിലബസ്സിൽ എല്ലാ വിഷയങ്ങളിലും എ + നേടിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ താഴെയുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് പദ്ധതി പ്രകാരം 5000/- രൂപ നിരക്കിൽ ഒറ്റത്തവണയായി സ്കോളർഷിപ്പായി നൽകുന്നത്. കൂടാതെ എല്ലാ വിഷയങ്ങളിലും 100 % മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡുകളും നൽകിവരുന്നു. ഇതേവരെയായി 7500 ൽ പരം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

2016-17 അക്കാദമിക്ക് വർഷത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ഒക്ടോബർ മാസം 28-ാം തീയതി കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. പിന്നോക്ക /പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം, നിയമം, സാംസ്കാരികം, പാർലമെന്ററികാര്യം വകുപ്പ് മന്ത്രി ശ്രീ.എ.കെ.ബാലൻ നിർവ്വഹിച്ചു. മറ്റ് ജില്ലകളിലെ സ്കോളർഷിപ്പ് ജില്ലാതല ചടങ്ങുകൾ സംഘടിപ്പിച്ച് വിതരണം ചെയ്തു. കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധത (Corporate Social Responsibility) പദ്ധതി പ്രകാരമാണ് സ്കോളർഷിപ്പ് നൽകുന്നത്.

Edited, Printed and Published by KT BALABHASKARAN, Managing Director, KSBCDC | Private Circulation Only